# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -**2806** | **21.06.2012** ൽ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെ റോഡ് വികസനം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. കെ. കുഞ്ഞഹമ്മദ് മാസ്റ്റർ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലൂടെ കടന്നുപോകുന്ന എസ്.എച്ച് 38, പി.യു.കെ.സി. റോഡിലെ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെ ഭൂമി ഏറ്റെടുത്തത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ; | (എ) | നിലവിലുള്ള റോഡിന് ഭൂമി ഏറ്റെടുക്കൽ നടപടി ഉണ്ടായിട്ടില്ല. |
| (ബി) പ്രസ്തുത ഭാഗത്ത് റോഡിന്റെ വീതി എത്രയെന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത റോഡിന് വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്ത വീതിയാണുള്ളത്. 6.5 മീറ്റർ മുതൽ 15 മീറ്റർ വരെ വീതിയുള്ള ഭാഗങ്ങൾ ഉണ്ട്. |
| (സി) പ്രസ്തുത റോഡിലെ പല ഭാഗങ്ങളും സ്വകാര്യ വ്യക്തികൾ കയ്യേറി കെട്ടിടങ്ങൾ നിർമ്മിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ ഇപ്പോൾ നടന്നു വരുന്ന റോഡ് പ്രവൃത്തിയുടെ ഭാഗമായി റോഡിലെ സ്വകാര്യ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | പ്രസ്തുത റോഡിന്റെ പലഭാഗങ്ങളിലും അതാത് വില്ലേജ് ഓഫീസറുമായി ബന്ധപ്പെട്ട് അതിർത്തി നിശ്ചയിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ